നം.കെ.എസ്.എ.പി.റ്റി.എ./പി **6/1292/2016** തീയതി : **03-12-2016**

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപ്പഞ്ചായത്തിന്റെ**2015-16** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം215(4)-ാം വകുപ്പ് ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

റാന്നി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 12-07-2016 മുതൽ 31-10-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പ് കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ ഹബീബ് മുഹമ്മദ്<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 07.11.2016മുതൽ<br>21.11.2016 വരെ | ശ്രീമതി വിജയലക്ഷ്മി.പി.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ. ഷൈജു.വൈ, സീനി.ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | | ശ്രീ പ്രദീപ് കിഴക്കേവിളയിൽ (01-04-2015മുതൽ 31-10-2015 വരെ) |
| | | ഭരണ നിർവ്വഹണ സമിതി (01-11-2015 മുതൽ 11-11-2015 വരെ) |
| | | ശ്രീമതി ശശികല രാജശേഖരൻ (12-11-2015 മുതൽ 31-03-2016 വരെ) |
| സെക്രട്ടറി | : | ശ്രീ എ രാധാകൃഷ്ണപിള്ള (01-04-2015മുതൽ 31-03-2016വരെ) |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ എ രാധാകൃഷ്ണപിള്ള | സെക്രട്ടറി | 01.04.15 മുതൽ 31.03.16 വരെ |
| ശ്രീമതി അനിതാകുമാരി | അസി.എഞ്ചിനീയർ | 01.04.15 മുതൽ 31.03.16 വരെ |
| ശ്രീ ലാൽകുമാർ.കെ | കൃഷി ഓഫീസർ | 01.04.15 മുതൽ 31.03.16 വരെ |
| ശ്രീ സി.ജെ ഫിജു | വി.ഇ.ഒ. | 01.04.15 മുതൽ 31.03.16 വരെ |
| ശ്രീമതി ഷൈലജ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.15 മുതൽ 25-12-2015 വരെ |
| ശ്രീമതി സിസിലിക്കുട്ടി ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-12-2015 മുതൽ 31-03-2016 വരെ |
| ശ്രീ സജിമോൻ | എച്ച്.എം. | 01.04.15 മുതൽ 31.03.16 വരെ |
| ഡോ. സുബിയൻ | വെറ്ററനറി സർജൻ | 01.04.15 മുതൽ 31.03.16 വരെ |
| ഡോ. ആഷിഷ് പണിക്കർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01.04.15 മുതൽ 31.03.16 വരെ |
| ഡോ. ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01.04.15 മുതൽ 31.03.16 വരെ |
| ഡോ. ദിലീപ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01.04.15 മുതൽ 31.03.16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1 :** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2 :** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3 :** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4 :** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഉള്ളടക്കം

ഭാഗം **1**

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ദുരിതാശ്വാസ നിധി | 1-11 |
| 12 | അനുബന്ധ പത്രികകൾ | 1-12 |

ഭാഗം**-II**

**1994-**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **14-**ാം വകുപ്പ്**,** കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം **19 (1) 1996-**ലെ കേരള പഞ്ചായത്ത് രാജ് **(**പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും**)** ചട്ടങ്ങളിലെ ചട്ടം **13,** എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ | 2-1 |
| 2 | ഗ്രാമപ്പഞ്ചായത്തിന്റെ വസ്തുവകകൾ സംംബന്ധിച്ച് രേഖകളില്ല | 2-2 |
| 3 | വസ്തുനികതി പരിഷ്കരണ പുരോഗതി | 2-3 |
| 4 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ | 2-4 |
| 5 | റേഷൻ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 6 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ - അപാകതകൾ | 2-6 |
| 7 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 2-7 |
| 8 | പരസ്യനികുതി പിരിക്കുന്നില്ല | 2-8 |
| 9 | ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഈടാക്കിയില്ല | 2-9 |

ഭാഗം**-III**

**1994-**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **14-**ാം വകുപ്പ്**,** കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം **19 (2)1996** ലെ കേരള പഞ്ചായത്ത് രാജ് **(**പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും **)** ചട്ടങ്ങളിലെ ചട്ടം **13,** എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് - ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ചോർത്തുന്നു | 3-1 |
| 2 | വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതര വീഴ്ച | 3-2 |
| 3 | ഗ്രാമകേന്ദ്രങ്ങൾക്കായി തയ്യാറാക്കിയ ബോർഡ് സ്ഥാപിച്ചില്ല | 3-3 |
| 4 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-4 |
| 5 | അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 3-5 |
| 6 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച | 3-6 |
| 7 | അനർഹമായി നൽകിയ നികുതി 18668രൂപ അംഗീകരിക്കുന്നില്ല. | 3-7 |
| 8 | ഹോമിയോപ്പതി മരുന്നുകൾ ലഭ്യമാക്കിയില്ല**.** | **3-8** |
| 9 | മാർഗ്ഗനിർദ്ദേശം പാലിച്ചില്ല **-** യഥാർത്ഥചെലവിനേക്കാൾ അധികം നൽകിയ **17268** രൂപ അനുവദിക്കുന്നില്ല | **3-9** |

| | | |
|---|---|---|
| 10 | ടാറിന്റെ വിലയിനത്തിൽ അധികച്ചെലവ് - നഷ്ടം **5509** രൂപ | **3-10** |
| 11 | റോഡ് റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ സുതാര്യത പാലിക്കുന്നില്ല : | **3-11** |
| 12 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ **117421** രൂപ നഷ്ടം | **3-12** |
| 13 | ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ നിരവധി അപാകതകൾ | **3-13** |
| 14 | വിദ്യാലയങ്ങൾക്ക് സ്പോർട്സ് കിറ്റ് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | **3-14** |
| 15 | ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | **3-15** |
| 16 | വി.ഇ.ഒ. നടപ്പാക്കിയ പദ്ധതികൾ - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. | 3-16 |

ഭാഗം-**IV**

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
| ഭരണസമിതിയുടെ 04-03-2015 ലെ I-ാം നമ്പർ തീരുമാനം | 03-02-2016 |

ഗ്രാമപ്പഞ്ചായത്തിലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വ്യതിയാനം ഉണ്ടായിട്ടുണ്ട്. പ്രസക്തമായ വ്യതിയാനങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-)/(+) |
|---|---|---|---|
| കെട്ടിട നികുതി | 3200000 | 1764361 | (-) 1435639 |
| തൊഴിൽ നികുതി | 2225000 | 2113773 | (-) 111227 |
| ഡി & ഒ ലൈസൻസ് | 60000 | 45099 | (-) 14901 |
| പെർമിറ്റ് ഫീസ് | 100000 | 63130 | (-) 36870 |

മുകളിൽ ചൂണ്ടിക്കാട്ടിയ എല്ലാ ഡിമാന്റ് തുകകളിലും ബജറ്റ് എസ്റ്റിമേറ്റിനെക്കാൾ കുറവുണ്ടായിട്ടുണ്ട്. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ ഗൗരവപൂർണ്ണമായ ഒരു സമീപനം ഗ്രാമപ്പഞ്ചായത്തന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15.05.2016 | 09-06-2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

**1-2** വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15.05.2016 | 09-06-2016 |

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല.
2. ആർ.പി.43 ലെ ഡി&ഒ ലൈസൻസ് തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 18100721 |
| വരവ് | 35817327 |
| ആകെ | 53918048 |
| ചെലവ് | 45102994 |
| നീക്കിബാക്കി | 8815054 |

# 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1353923 | 2092141 | 3030481 | 6476545 | 6476545 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1324578 | 1331013 | 0 | 2655591 | 1866139 | 789452 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 78991 | 103367 | 0 | 182358 | 118367 | 63991 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2127357 | 2926873 | 636275 | 5690505 | 5690505 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1480607 | 209715 | 0 | 1690322 | 1054047 | 636275 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1158135 | 2088068 | 0 | 3246203 | 2059259 | 1186944 | 0 |
| ലോക ബാങ്ക് സഹായം | 1672000 | 0 | 0 | 1672000 | 681906 | 990094 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 120 | 89 | 13 | 18 | 74.17 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 17 | 4975106 | 3830761 | 77 |
| കൃഷി ഓഫീസർ | 2 | 2 | 200120 | 153320 | 76.61 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 1 | 1 | 484470 | 362968 | 74.92 |
| വി.ഇ.ഒ | 5 | 5 | 4535000 | 3805522 | 83.91 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 68 | 56 | 14110463 | 9573743 | 67.85 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 1073850 | 842184 | 78.43 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 3 | 2 | 482400 | 417320 | 86.50 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 104000 | 104000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 200000 | 200000 | 100 |
| ഹെഡ് മാസ്റ്റർ | 4 | 4 | 683000 | 683000 | 100 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 2991050 | 1447408 | 48.39 |
| ആകെ | **120** | **102** | **29839459** | **21420226** | **71.78** |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5320977 | 4125869 | - 1195108 | (-22.46%) |
| നികുതിയേതര വരവുകൾ | 2630915 | 2138213 | - 492702 | (-18.73%) |
| മറ്റ് വരവുകൾ | 674628 | 1494330 | +819702 | (+121.5%) |
| ആകെ | 8626520 | 7758412 | - 868108 | (- 10.06 %) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3 | 1 | 2 |
| 2 | തൊഴിൽ രഹിത വേതനം | 3 | 1 | 2 |
| 3 | വിധവാ പെൻഷൻ | 41 | 33 | 8 |
| 4 | വികലാംഗ പെൻഷൻ | 14 | 14 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 286 | 150 | 42 |

( വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതര വിഴ്ച ഉണ്ടായിട്ടുണ്ട്. ആയത് പ്രത്യേക ഖണ്ഡികയായി സൂചിപ്പിച്ചിട്ടുണ്ട്.)

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 40270രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05-10-2016 മുതൽ 06-10-2016 വരെ | 2016 ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ | ലഭിച്ചില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 21-04-2014 മുതൽ 05-05-2014 വരെ | 2009-10 മുതൽ 2013-14 വരെ | 16-07-2014 | ഇല്ല |

## 1-11 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.16-ലെ ബാലൻസ് തുക |
|---|---|---|---|
| 1 | റാന്നി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3 | 14492.21 |
| 2 | റാന്നി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 7169 | 3953544 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുതാര്യമായ സാമ്പത്തിക നിയന്ത്രണത്തിനായി നിലവിൽ ഇടപാടുകൾ നടക്കുന്ന റാന്നി എസ്.സി.ബി യിലെ 7169-ാം നമ്പർ അക്കൗണ്ട് മാത്രം തുടർന്നാൽ മതിയാകും. റാന്നി എസ്.സി.ബി യിലെ 3-ാം നമ്പർ അക്കൗണ്ടിലെ തുക സക്രിയമായ അക്കൗണ്ടിലേക്ക് മാറ്റേണ്ടതും ടി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കോ- ഓപ്പറേറ്റീവ് ബാങ്കിലുള്ള എം.എൻ ലക്ഷം വീട് (അക്കൗണ്ട് നം-8186), ഇ.എം.എസ് ഹൗസിംഗ് സ്കീം (അക്കൗണ്ട് നം-8187) എന്നീ അക്കൗണ്ടുകളിലും നിലവിൽ പണമിടപാടുകൾ നടക്കാതെ നിഷ്ക്രിയമാണ്. പ്രസ്തുത സാഹചര്യത്തിൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുക നിലനിർത്തുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഗ്രാമപ്പഞ്ചായത്തിന്റെ വസ്തുവകകൾ സംബന്ധിച്ച് രേഖകളില്ല

ആസ്തി രജിസ്റ്റർ പ്രകാരമുള്ള വസ്തുവകകളുടെ രേഖകൾ ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഭൂമിയുടെ ആധാരം, കരം അടച്ച രസീത്, കൈവശ സർട്ടിഫിക്കറ്റ് എന്നിങ്ങനെയുള്ള രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-9/15-11-2016) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയോ ആവശ്യമായ രേഖകൾ ഹാജരാക്കുയോ ചെയ്തില്ല. ഏതാനം പ്രധാനപ്പെട്ട ഭൂമികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഭൂമിയുടെയും കെട്ടിടത്തിന്റെയും വിവരം | സർവ്വെ നമ്പർ (റാന്നി വില്ലേജ്) | ഭൂമിയുടെ അളവ് |
|---|---|---|---|
| 1 | റാന്നി പഞ്ചായത്ത് ബസ് സ്റ്റാന്റ് | 438/10-1,10-2 | 0.2080 ഹെക്ടർ |
| 2 | പഞ്ചായത്ത് ഓഫീസ് | 438/16-5/15 | 0.0286 ഹെക്ടർ |
| 3 | റാന്നി പഞ്ചായത്ത് മാർക്കറ്റിംഗ് സൊസൈറ്റിക്കുവേണ്ടിയുള്ള സ്ഥലം | 439/2C | 0.0345 ഹെക്ടർ |
| 4 | അങ്കണവാടി നം-5 വക സ്ഥലം | 460/3B2/812 | 0.0203 ഹെക്ടർ |
| 5 | ഹോമിയോ ഡിസ്പെൻസറി വക സ്ഥലം | 676/7 | 0.0269 ഹെക്ടർ |

മുകളിൽ ചൂണ്ടിക്കാട്ടിയ ഭൂമിക്കൊന്നും തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. ആയതിനാൽ അനധികൃത കൈയ്യേറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. റാന്നി എം.എസ് ഹയർസെക്കന്ററി സ്കൂളും ഗ്രാമപ്പഞ്ചായത്ത് ഓഫീസ് കെട്ടിടവും ഒരേ കോമ്പൗണ്ടിൽ തന്നെയാണുള്ളത്. സ്കൂൾ കെട്ടിടത്തിന്റെ കാർഷെഡ്ഡ് ഗ്രാമപ്പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനോട് ചേർത്താണ് നിർമ്മിച്ചിട്ടുള്ളതെന്ന് ഭൗതികപരിശോധനയിൽ ഓഡിറ്റിന് വ്യക്തമായിട്ടുണ്ട്. ചുറ്റുമതിൽ കെട്ടി ഭൂമി സംരക്ഷിക്കാത്തത് മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. പ്രസ്തുത അനധികൃത നിർമ്മാണം ഒഴിപ്പിച്ചെടുക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചിട്ടില്ല. പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക എന്നത് ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യചുമതലയാണ്.

പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന ആസ്തികൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും ഭൂമി സംബന്ധമായ രേഖകൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതുപോലെ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് ഗ്രാമപ്പഞ്ചായത്തിന്റെ വസ്തുവകകൾ അളന്നുതിരിച്ച് അതിർത്തി നിർണ്ണയിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

**(ഗ്രാമപ്പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് ചേർത്ത് നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ കാർ ഷെഡ്ഡ്)**

## 2-3 വസ്തു നികുതി പരിഷ്കരണപുരോഗതി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണ നടപടികൾ ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്. ആകെ കെട്ടിടങ്ങളുടെ എണ്ണം 6975ആണ്.ഇതിൽ ഡേറ്റാ എൻട്രി അംഗീകാരം നൽകിയത് 5755എണ്ണമാണ്. 1220 എണ്ണം ഡേറ്റാ എൻട്രി ചെയ്യാൻ അവശേഷിക്കുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നികുതി ദായകർക്ക് ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ നികുതി അടവാക്കാൻ കഴിയത്തക്ക സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തികവർഷം ആരംഭിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. 2015-16സാമ്പത്തികവർഷം 216 സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തികവർഷം ആരംഭിച്ച് വളരെ നാളുകൾക്ക് ശേഷമാണ് പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഡിമാന്റ് രജിസ്റ്റർ, ലൈസൻസിനായി സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളും അപൂർണ്ണമാണ്. അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയോ, ലൈസൻസ് നൽകുന്നത് സംബന്ധിച്ച് സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തുകയോ, അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന മുദ്രപ്പത്രങ്ങളിൽ വ്യവസ്ഥകൾ എഴുതിച്ചേർക്കുകയോ ചെയ്തിട്ടില്ല.

(2) ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം ജി.ഒ(ആർ.ടി)795/2007 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം സമർപ്പിക്കുന്നില്ല. പല അപേക്ഷകൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രമില്ലാതെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെച്ചേർക്കുന്നു

| സ്ഥാപനം | ഉടമയുടെ മേൽവിലാസം | റിമാർക്സ് |
|---|---|---|
| ഉഷസ്സ് റബ്ബേഴ്സ് | ഉഷാ അനിൽ, ഉഷസ്സ്, റാന്നി പി.ഒ, മുണ്ടപ്പുഴ. | റബ്ബർ വ്യാപാരം |
| കുളത്തുർ സ്റ്റോഴ്സ് | പ്രഭാകരൻ നായർ, കുളത്തുർ വീട്, പുതുശ്ശേരിമല | സ്റ്റേഷനറി വ്യാപാരം |
| ധന്യ സ്റ്റോഴ്സ് | ഉണ്ണികൃഷ്ണൻ നായർ, കാലായിൽ, മന്ദിരം. | പലചരക്ക് വ്യാപാരം |
| ആർ. ആർ. അഗ്രി ഹോം | രേഖാ രാജീവ്, കുന്നിരിക്കൽ ഹൗസ്,തോട്ടമൺ, റാന്നി. | രാസവളങ്ങൾ, കീടനാശിനികൾഎന്നിവയുടെ വ്യാപാരം |

(3) പഞ്ചായത്ത് പരിധിയിൽ 2പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഭാരത് പെട്രോളിയം, റാന്നി നാളിതുവരെ ലൈസൻസ് ലഭ്യമാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറിക്ക് (നം-9/2016 തീയതി 11-11-2016) മറുപടിയായി ലൈസൻസ് ഫീസ്, തൊഴിൽ നികുതി , സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന പെട്രോൾ പമ്പിൽ നിന്നും ഈടാക്കേണ്ട നികുതികൾ സംബന്ധിച്ച് ഓഡിറ്റ് ചൂണ്ടിക്കാട്ടിയപ്പോൾ മാത്രമാണ് ഗ്രാമപ്പഞ്ചായത്ത് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച എന്നുള്ളത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി സ്ഥാപനം ആരംഭിച്ച വർഷം മുതലുള്ള ഡി&ഒ, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി, സെക്ഷൻ ക്ലർക്ക്, വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നിവരെല്ലാം ഉത്തരവാദികളാണ്.

## 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായി റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 20 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും രണ്ടു റേഷൻ കടകൾ മാത്രമാണ് പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളത്. അവശേഷിക്കുന്ന 18 റേഷൻ ഷോപ്പുകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ - അപാകതകൾ

1998 ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡലിംഗ് ) ചട്ടങ്ങൾ പ്രകാരം ബയോമെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്/സമ്മതപത്രം ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തനാനുമതി നൽകാൻ പാടുള്ളൂ. ഈ വിഷയത്തെ സംബന്ധിച്ച് സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ 13.03.12 ലെ ജി.ഒ(എം.എസ്)04/2012/Envt നമ്പർ ഉത്തരവ്, 17.05.14 ലെ ജി.ഒ(എം.എസ്) 05/2014/Envt നമ്പർ ഉത്തരവ്, 05.11.2012 ലെ എൻവയോൺമെന്റ് (ബി) ഡിപ്പാർട്ട്മെന്റിന്റെ 3781/ബി2/2011 എൻവയോൺമെന്റ് നമ്പർ സർക്കുലർ എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്എന്നാൽ താഴെപ്പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്/സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

എന്നാൽ താഴെപ്പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്/സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | ഉടമയുടെ പേരും മേൽവിലാസവും |
|---|---|---|
| 1 | ചൈതന്യ ആയുർവേദാശുപത്രി, റാന്നി | രേഖ.എസ്.ദേവി, ചൈതന്യ, പെരുമ്പുഴ, റാന്നി. |
| 2 | കുരുടാമണ്ണിൽ ദന്താശുപത്രി, റാന്നി | റജി എബ്രഹാം, കുരുടാമണ്ണിൽ തേക്കാട്ടിൽ, പുല്ലുപ്രം പി.ഒ, റാന്നി. |

തുടർ വർഷങ്ങളിൽ ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുമ്പോൾ ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കുകയും, അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിയും ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

2015-16 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ രണ്ട് അർദ്ധവർഷങ്ങളിലും ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | കേരള ഹൗസിങ്ങ് ഫിനാൻസ് ലിമിറ്റഡ്, റാന്നി | സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. |

| | | |
|---|---|---|
| 2 | ഭാരത് പെട്രോളിയം, വൈക്കം, റാന്നി | “ |
| 3 | ബി.എസ്.എൻ.എൽ, റാന്നി | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-9/2016 തീയതി 11-11-2016) ഈടാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 പരസ്യ നികുതി പിരിക്കുന്നില്ല - അനധികൃത പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടിയും സ്വീകരിച്ചിട്ടില്ല.

മൂവാറ്റുപുഴ-പുനലൂർ സംസ്ഥാന പാത കടന്നു പോകുന്ന ഗ്രാമപഞ്ചായത്തിന് പരസ്യനികുതി പിരിക്കുന്നതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.റാന്നി ടൗണിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽപെട്ട പ്രദേശങ്ങളാണ്.റാന്നി ടൗൺ മുതൽ മണ്ണാറക്കുളഞ്ഞി വരെയുള്ള എട്ടുകിലോമീറ്ററോളം ദൂരത്തിൽ സംസ്ഥാന പാതയുടെ ഇരുവശവും ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിലാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ , റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

പ്രസ്തുത വിഷയത്തിൽ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിരമായ ഇടപെടൽ ഉണ്ടാകണമെന്ന് ഓഡിറ്റ് ചൂണ്ടിക്കാട്ടുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് - ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ചോർത്തുന്നു

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് 50% സബ്സിഡി കെ.എസ്.ഇ.ബി അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ടി സബ്സിഡി ആനുകൂല്യം ഗ്രാമപ്പഞ്ചായത്ത് യഥാസമയം പ്രയോജനപ്പെടുത്തിയില്ല. ഇത് മൂലം മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് പൂർണ്ണമായും തുക അടവാക്കേണ്ടി വന്നു. ആയതിന് 2016-17 സാമ്പത്തിക വർഷം രണ്ട് ഡിവിഷനുകളിലായി 614800 (58*10600) രൂപയാണ് ഗ്രാമപ്പഞ്ചായത്ത് അടവാക്കിയത്. തുക യഥാസമയം ഒടുക്കു വരുത്തിയിരുന്നുവെങ്കിൽ 307400 രൂപ മാത്രം അടവാക്കിയാൽ മതിയാകുമായിരുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ടി വീഴ്ച ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

നിലവിൽ 498 എണ്ണം 40 W ഓർഡിനറി ബൾബുകൾക്ക് 36478 രൂപ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം ഈടാക്കി വരുന്നതായി കെ.എസ്.ഇ.ബി യുടെ വൈദ്യുത ചാർജ് താരിഫ് പട്ടികയിൽ നിന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 4 വർഷമായി ഓർഡിനറി ബൾബുകൾ ഒന്നും തന്നെ പുതുതായി സ്ഥാപിച്ചിട്ടില്ല.ആയതുപോലെ വാർഡുകളിൽ ഓർഡിനറി ബൾബുകൾ ഒന്നും തന്നെയില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-10/16 തീയതി 15-11-2016) മറുപടിയായി ലഭിച്ചിട്ടുള്ളത്. ആകെ അടവാക്കുന്ന കറന്റ് ചാർജ്ജ് തുകയായ 68124 രൂപയിൽ 36478 രൂപയും (54%) സാധാരണ ബൾബുകളുടെ കറന്റ് ചാർജ്ജാണ്. ഈ സാഹചര്യത്തിലും യഥാർത്ഥത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

യഥാർത്ഥത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തി പ്രതിമാസ വൈദ്യുത ചാർജ് പുനർനിർണ്ണയിക്കേണ്ടതാണ്. കൂടാതെ മീറ്റർ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ച് വൈദ്യുതി ചാർജ് ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലാഭിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതര വീഴ്ച

2015-16 സാമ്പത്തിക വർഷം വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 286 പുതിയ അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 150 പേർക്ക് പെൻഷൻ അനുവദിച്ചു. 42 അപേക്ഷകൾ നിരസിച്ചു. ബാക്കിയുള്ള 94 അപേക്ഷകളിൽ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല.അപേക്ഷാ രജിസ്റ്റർ പ്രകാരം 94 അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യ്ക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകൾ അന്വേഷണത്തിനായി നൽകിയ തീയതി | എണ്ണം |
|---|---|
| 27-01-2016 | 2 |
| 21-03-2016 | 58 |
| 05-04-2016 | 34 |

പെൻഷൻ അപേക്ഷകളിന്മേൽ 45 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 94 വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലതാമസം വരുത്തിയിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷകളിന്മേൽ അന്വോഷണം നടത്തി തിരികെ വാങ്ങുന്നതിനായി ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച എല്ലാ നടപടികളും അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കണമെന്നു സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം-13/15-11-2016) ഗ്രാമപ്പഞ്ചായത്ത് 5 തവണ വി.ഇ.ഒ ക്ക് കത്ത് നൽകിയിരുന്നതായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അപേക്ഷകൾ അടിയന്തിരമായി തിരികെ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തതായും അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ അപേക്ഷകൾ ഉടൻതന്നെ അന്വേഷണം നടത്തി തിരികെ നൽകുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

അപേക്ഷകൾ അന്വേഷണം നടത്തി തിരികെ വാങ്ങുന്നതിന് അടിയന്തിരമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച

ഓഡിറ്റ് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## 3-3 ഗ്രാമകേന്ദ്രങ്ങൾക്കായി തയ്യാറാക്കിയ ബോർഡ് സ്ഥാപിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അയൽസഭ, ഗ്രാമകേന്ദ്രം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പ്രോജക്ട് (നം- 136/15-16)തയ്യാറാക്കിയിരുന്നു. വികസന ഫണ്ടിൽ 177602 രൂപയാണ് വകയിരുത്തിയിരുന്നത്. 24180 രൂപ പ്രോജക്ടിനായി ചെലവാക്കി. ഇതിൽ 11700 രൂപ ഗ്രാമകേന്ദ്രങ്ങൾക്ക് ബോർഡ് സ്ഥാപിക്കുന്നതിനാണ് ചെലവിട്ടത്. ബോർഡ് തയ്യാറാക്കിയ വകയിൽ ടി തുക വി.വി തോമസ്, നല്ലൂരേത്ത് , ഉതിമൂട് എന്നയാൾക്ക് ഡി.ഡി നം-517917/18-03-2016 പ്രകാരം നൽകുകയും ചെയ്തു.

ഗ്രാമപ്പഞ്ചായത്തിലെ 13 ഗ്രാമകേന്ദ്രങ്ങൾക്കായി തയ്യാറാക്കിയ ബോർഡുകൾ സ്ഥാപിക്കാതെ ഓഫീസിനുള്ളിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. അപാകതയ്ക്ക് വിശദീകരണം നൽകണമെന്നും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണമെന്ന കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-11/16 തീയതി 15-11-2016). എന്നാൽ ഒരു വാർഡിൽ മാത്രമാണ് ഗ്രാമകേന്ദ്രം (വാർഡ് -10) ആരംഭിച്ചിട്ടുള്ളതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടി സാഹചര്യത്തിൽ ചെലവുതുകയിൽ 10800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതും തയ്യാറാക്കിയ ബോർഡുകൾ സ്ഥാപിക്കേണ്ടതുമാണ്.

## 3-4 ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഫുഡ് ടെസ്റ്റിംഗ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ കീഴിലുള്ള 18 അങ്കണവാടികളിലൂടെ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും, മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് 22.03.2011-ലെ 31055/ഡി.സി./2011 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു. അങ്കണവാടികളുടെ 2015-16 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ഈ കാലയളവിൽ അങ്കണവാടികൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പാലിക്കേണ്ടതാണ്.

## 3-6 അങ്കണവാടികൾക്ക്അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 18 അങ്കണവാടികളാണുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഇവയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന അവസ്ഥയാണുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന സൗകര്യം | അങ്കണവാടികലുടെ എണ്ണം |
|---|---|
| സ്വന്തമായി കെട്ടിടം ഉള്ളവ | 5 |
| ടോയ് ലറ്റ് സൗകര്യം ഉള്ളവ | 5 |
| ബേബി ഫ്രണ്ട് ടോയ് ലറ്റ് സൗകര്യം ഉള്ളവ | 0 |
| ചുറ്റമതിൽ ഉള്ളവ | 2 |
| വൈദ്യുതി ഉള്ളവ | 2 |
| കുടിവെള്ളം ലഭ്യമായവ | 2 |
| ഗ്യാസ് കണക്ഷൻ ഉള്ളവ | 18 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചവ | 0 |

അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം പത്തിൽ താഴെ മാത്രമാണ്. രണ്ടിടത്ത് മാത്രമാണ് പത്തിൽ കൂടുതൽ കുട്ടികളുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പ്രസ്തുത സാഹചര്യത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൂടുതൽ കുട്ടികളെ എത്തിക്കുന്നതിനായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്), റ്റി.എച്ച്,ആർ.എസ്-കേന്ദ്ര വിഹിതം എന്നിവ പൂർണ്ണമായി വിനിയോഗിക്കാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പ്രസ്തുത ഫണ്ടുകളിലെ തുകകൾ അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിനിയോഗിക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 അനർഹമായി നൽകിയ നികുതി തുക നിരാകരിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം 58/16, 116/16 എന്നിവ പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായ മേശ,കസേര എന്നീ ഉപകരണങ്ങൾ യഥാക്രമം 32 എണ്ണം 9 എണ്ണം വീതവും വാങ്ങി കാഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്(ചെലവ് യഥാക്രമം 115050/-, 32358/-). ഇതിനായി ക്ഷണിച്ച ടെണ്ടർ വ്യവസ്ഥയിൽ ഉപകരണങ്ങൾക്ക് നികുതിയുൾപ്പടെയുള്ള തുക ക്വോട്ട് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. കുറഞ്ഞ നിരക്ക് (മേശയ്ക്ക് 2350രൂപയും,കസേരയ്ക്ക് 790 രൂപ) രേഖപ്പെടുത്തിയ കാഡ്കോ നൽകിയ ക്വട്ടേഷൻ അംഗീകരിച്ചു. എന്നാൽ വാങ്ങലുമായി ബന്ധപ്പെട്ട് ബിൽ പ്രകാരം സാധനങ്ങളുടെ വില നൽകിയപ്പോൾ മൂല്യവർദ്ധിത നികുതി (14.5%) ഉൾപ്പെടെയുള്ള നിരക്കായ 2690.75രൂപയും,904.56രൂപയുമാണ് നൽകിയത്. ക്വട്ടേഷനിൽ മൂല്യവർദ്ധിത നികുതി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാത്ത സാഹചര്യത്തിൽ നികുതിയുൾപ്പടെയുള്ള തുക നൽകിയതുമൂലം അധികം നൽകിയ തുക 18668 (14570+4098) നിരാകരിക്കുന്നു(നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടിയായി തുക അടവാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്).വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെവിശദാംശം | ഉപകരണങ്ങളുടെ വില | നൽകിയ തുക+ നികുതി (14.5%) | അധികം |
|---|---|---|---|---|
| 1. | 58/16 | മേശ - 32x2350=75200 | 75200 +10904= 86104 | 10904 |
